"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ്- എക്സൈസ്- WP(C)No.16259/2015 നമ്പർ ഹർജിയിന്മേൽ ബഹു.ഹൈക്കോടതിയുടെ 15/07/2024 ലെ വിധിന്യായം- ശ്രീമതി. തങ്കം രാമകൃഷ്ണൻ സമർപ്പിച്ച നിവേദനം- തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.960/2024/TAXES തീയതി,തിരുവനന്തപുരം, 29-10-2024

---

പരാമർശം:-

1. WP(C)No.14364/10 നമ്പർ ഹർജിയിന്മേൽ ബഹു. ഹൈക്കോടതിയുടെ 15.12.2010 -ലെ വിധിന്യായം
2. ശ്രീമതി. തങ്കം രാമകൃഷ്ണൻ 27.09.2014-ൽ സമർപ്പിച്ച നിവേദനം
3. WP(C)No.16259/2015 നമ്പർ ഹർജിയിന്മേൽ ബഹു. ഹൈക്കോടതിയുടെ 15.07.2024- ലെ വിധിന്യായം

**<u>ഉത്തരവ്</u>**

അബ്കാരി കുടിശ്ശിക ഒടുക്കിയ വകയിൽ തിരികെ ലഭിക്കാനുള്ള തുക ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി. തങ്കം രാമകൃഷ്ണൻ ഫയൽ ചെയ്ത WP(C) നം. 16259/2015 ഹർജിയിന്മേൽ ബഹു: ഹൈക്കോടതി പരാമർശം മൂന്ന് പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ശ്രീമതി. തങ്കം രാമകൃഷ്ണൻ പരാമർശം രണ്ട് പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടായിരുന്ന നിവേദനത്തിന്മേൽ ( Ext.P7) അപേക്ഷകയ്ക്ക് നോട്ടീസ് നൽകി ഉചിതമായ നടപടികൾ സ്വീകരിക്കാൻ ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു.

2) ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം അപേക്ഷകയുടെ അഭിഭാഷകനെ 10.10.2024-ൽ നേരിൽ കേട്ടു. 1997-2000 സാമ്പത്തിക വർഷത്തിൽ വടക്കാഞ്ചേരി റേഞ്ചിലെ 82 മുതൽ 153 വരെയുള്ള കള്ള് ഷാപ്പുകളുടെ ലൈസൻസികളായിരുന്ന ശ്രീ.ഇ.സി.നാരായണൻ, ശ്രീ.സുധീഷ് കുമാർ, ശ്രീ.കെ.വി.രാമകൃഷ്ണൻ, ശ്രീ.പി.കെ.സോമനാഥൻ എന്നിവർ നടത്തിയിരുന്ന കള്ള ഗോഡൗണിൽ നിന്നും ശേഖരിച്ച കള്ളിൽ മായം ചേർത്തതായി കണ്ടെത്തിയതിനെ തുടർന്ന് ടി കള്ളുഷാപ്പുകളുടെ ലൈസൻസ് റദ്ദ് ചെയ്യുകയും, സെക്യൂരിറ്റി തുകയായി നൽകിയിരുന്ന 48,00,000/- രൂപ തൃശ്ശൂർ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ 13.05.1998 തീയതിയിലെ R5-4657/97 നമ്പർ ഉത്തരവ് പ്രകാരം സർക്കാരിലേക്ക് കണ്ടുകെട്ടുകയും ചെയ്തിരുന്നു. തുടർന്ന് സർക്കാരിനുണ്ടായ നഷ്ടം നികത്തുന്നതിനായി ടി ലൈസൻസികൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ ചെയ്തിട്ടുള്ളതും, റവന്യൂ റിക്കവറി നടപടികൾക്കെതിരെ മേൽ ലൈസൻസികൾ പലതവണ ബഹു. ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതുമാണ്. സെക്യൂരിറ്റി തുക കുടിശ്ശികയിലേക്ക് ക്രെഡിറ്റ് ചെയ്യണമെന്നും മേൽപ്പറഞ്ഞ കേസിൽ ആംനസ്റ്റി പദ്ധതി അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ.പി.കെ സോമനാഥൻ, കെ.വി.രാമകൃഷ്ണന്റെ ഭാര്യ ശ്രീമതി. തങ്കം രാമകൃഷ്ണൻ എന്നിവർ ബഹു: കേരള

ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C).14364/10നം. ഹർജിയിൻമേൽ പരാമർശം (1) വിധിന്യായ പ്രകാരം കുടിശ്ശിക ഒരു വർഷത്തേക്ക് നിജപ്പെടുത്തിക്കൊണ്ടും, സെക്യൂരിറ്റി തുക കുടിശ്ശികയിലേക്ക് വരവ് വെച്ചു കൊണ്ട് ആംനെസ്റ്റി സ്കീമിന്റെ ആനുകൂല്യം നൽകുവാനും, CA No.1541-1547/2009-മേലുള്ള ബഹു. സുപ്രീംകോടതിയുടെ വിധിയിലെ ആനുകൂല്യങ്ങൾ നൽകണമെന്നും ഉത്തരവായിട്ടുള്ളതുമാണ്. പ്രസ്തുത വിധിന്യായത്തിനെതിരായി ബഹു: ഹൈക്കോടതി മുമ്പാകെ സർക്കാർ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷനുമേൽ ( RPNo.133/2011 ) 08/03/2011 -ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ആംനസ്റ്റി പ്രകാരം അടയ്ക്കേണ്ട തുക കുടിശ്ശികക്കാരനെ അറിയിക്കാൻ നിർദ്ദേശിച്ചതിനെ തുടർന്ന് സെക്യൂരിറ്റി തുക ഉൾപ്പെടുത്താതെ ഡി.സി.ബി. പട്ടിക തയ്യാറാക്കി നൽകുകയും, അതിനെതിരെ കുടിശ്ശികക്കാർ ഫയൽചെയ്ത COC250/2011 നം. കോടതിയലക്ഷ്യ ഹർജിയിന്മേൽ 23.03.2011 -ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റും പലിശയും കൂടി ഉൾപ്പെടുത്തി DCB സ്റ്റേറ്റ്മെന്റ് കണക്കാക്കുവാൻ ഉത്തരവാകുകയും ബാക്കി തുക 04/07/2011 തീയതിക്ക് മുൻപ് 4 തവണയായി അടയ്ക്കുവാനും നിർദ്ദേശിച്ചിരുന്നു. തുടർന്ന് കുടിശ്ശിക പുനർനിർണ്ണയം ചെയ്ത് 4 ഗഡുക്കളായി ആകെ 41,70,350/- രൂപ അടയ്ക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികക്കാർ ടി തുക ഒടുക്കുവരുത്തിയിട്ടുള്ളതുമാണ്. RP നം. 133/2011- ലെ അന്തിമ വിധിക്ക് വിധേയമായിട്ടാണ് ടി കുടിശ്ശിക അടയ്ക്കാൻ അനുമതി നൽകുന്നതെന്ന് COC നം. 250/2011 നം.കോടതിയലക്ഷ്യ ഹർജിയിലെ 23/03/2011 - ലെ ഉത്തരവിൽ ബഹു: കോടതി വ്യക്തമാക്കിയിരുന്നു. എന്നാൽ കുടിശ്ശിക തെറ്റായ രീതിയിലാണ് കണക്കാക്കിയതെന്നും ആയതിനാൽ അധികമായി അടച്ച 5,92,141/- രൂപ തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ.പി.കെ.സോമനാഥനും. ശ്രീമതി തങ്കം രാമകൃഷ്ണനും COC 250/11 നം. ഹർജിയോടൊപ്പം IARP/133/11 ഫയൽ ചെയ്യുകയുകയും, സെക്യൂരിറ്റി തുക സംബന്ധിച്ച തർക്കത്തിൽ പരാതിക്കാരനോട് മറ്റ് പരിഹാര മാർഗ്ഗങ്ങൾ തേടുവാൻ നിർദ്ദേശിച്ചു കൊണ്ട് 25.02.2014-ൽ ബഹു: ഹൈക്കോടതി ടി അപേക്ഷ തള്ളി ഉത്തരവായിട്ടുള്ളതുമാണ്.

3) പരാമർശം (1) വിധിന്യായത്തിനെതിരായി ഫയൽ ചെയ്ത 924/2014 നം. റിട്ട് അപ്പീൽ 17.07.2014- ലെ വിധിന്യായ പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളിയിട്ടുള്ളതും, പ്രസ്തുത വിധിന്യായത്തിനെതിരായി ഫയൽ ചെയ്ത SLP(C) നം. 33214/2015 ബഹുമാനപ്പെട്ട സുപ്രീം കോടതി 28.01.2019-ൽ നിരസിച്ചു ഉത്തരവായിട്ടുള്ളതാണ്.

4) കുടിശ്ശികയിലേക്ക് അധികമായി ഒടുക്കിയതായ തുക തിരികെ കിട്ടുന്നതിനായി ശ്രീമതി തങ്കം രാമകൃഷ്ണൻ WP(c) 16259/15 നം. ഹർജി ഫയൽ ചെയ്യുകയും, പ്രസ്തുത ഹർജിയിൻമേൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ അപേക്ഷക സമർപ്പിച്ച പരാമർശം (2) അപേക്ഷയിൻമേൽ (ExtP7) അപേക്ഷകയ്ക്ക് നോട്ടീസ് നൽകി ഉചിതമായ തീരുമാനം കൈകൊള്ളാനും ഉത്തരവിട്ടു.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സെക്യൂരിറ്റി തുക ലൈസൻസ് കാലയളവിലെ അവസാന തീയതിയായ 31.3.1998 കണക്കാക്കി കുടിശ്ശികയിലേക്ക് വരവ് വെച്ച് ബാക്കി തുക തിരികെ നൽകണമെന്നാണ് ശ്രീമതി. തങ്കം രാമകൃഷ്ണൻ പരാമർശം 2 പ്രകാരം (ExtP7) ) അഭ്യർത്ഥിച്ചിട്ടുള്ളത്. സൂചന ഒന്നിലെ വിധി പ്രകാരം 1997- 1998, 1998-1999, 1999-2000 എന്നീ മൂന്ന് വർഷത്തേക്കാണ് കള്ളുഷാപ്പ് ലേലം കൊണ്ടു കരാർ കാലയളവെങ്കിലും കുടിശിക 1997-1998 കാലയളവിലെ ഒരു വർഷത്തേക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതാണ്. സെക്യൂരിറ്റി തുകയും പലിശയും ടി എസ് എ യിൽ നിന്ന് സർക്കാർ റവന്യൂ ശീർഷകത്തിലേക്ക് മാറ്റിയ 29.01.1999 തീയതിയിൽ തന്നെ കുടിശ്ശികയിലേക്ക് വരവ് വെച്ച്

കണക്കാക്കിയിട്ടുള്ളതുമാണ്. സെക്യൂരിറ്റി തുക അഡ്ജസ്റ്റ് ചെയ്ത് കൊടുത്ത കേസുകളിലെല്ലാം തന്നെ ടി എസ് എയിൽ നിന്നും സർക്കാർ റവന്യൂ ശീർഷകത്തിലേക്ക് സെക്യൂരിറ്റി തുക മാറ്റിയ തീയതി വെച്ചാണ് അഡ്ജസ്റ്റ് ചെയ്ത് നൽകിയിട്ടുള്ളത്. കൂടാതെ, കോടതി ഉത്തരവ് പ്രകാരമാണെങ്കിലും, ആംനെസ്റ്റി പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തി 95% പലിശയിളവോടുകൂടിയാണ് ടി കുടിശ്ശിക ഒടുക്കി തീർത്തിട്ടുള്ളത്. ആയതിനാൽ പരാമർശം (2) പ്രകാരം ശ്രീമതി തങ്കം രാമകൃഷ്ണൻ നൽകിയ നിവേദനത്തിലെ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ നിരസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

6) WP(C)No.16259/2015 നമ്പർ ഹർജിയിന്മേൽ ബഹു : ഹൈക്കോടതി പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച വിധിന്യായം മേൽ പ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

പകർപ്പ്:- 1. ശ്രീമതി, തങ്കം രാമകൃഷ്ണൻ, കല്ലട ഹൗസ്, താനിശ്ശേരി പി.ഒ, ഇരിങ്ങാലക്കുട, മനവലശ്ശേരി വില്ലേജ്, തൃശ്ശൂർ- 680 701

2. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
3. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (With covering letter)
4. വെബ് & ന്യൂ മീഡിയ.
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (എ1/169/2024-നികുതി).

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 29-10-2024 15:33:53